## പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

കോവിഡ് 19 മഹാമാരി കഴിഞ്ഞ രണ്ട് അധ്യയന വർഷത്തെ ഔപചാരിക വിദ്യാഭ്യാസത്തിന് പ്രതിസന്ധി സൃഷ്ടിച്ചു. വിദ്യാലയങ്ങളിൽ നിന്ന് ലഭ്യമാകേണ്ട നേരനുഭവങ്ങളെ പൂർണമായും മഹാമാരി അപഹരിച്ചു. ഡിജിറ്റൽ ക്ലാസുകളിലൂടെയും അധ്യാപക സമൂഹത്തിന്റെ ഇടപെടലുകളിലൂടെയും ഒരു പരിധിവരെ പഠനപ്രതിസന്ധികളെ തരണം ചെയ്യാൻ നാം ശ്രമിച്ചിട്ടുണ്ട്. സാമൂഹിക-വൈകാരിക-ബൗദ്ധികതലങ്ങളിലെ വികാസത്തിനുള്ള വിദ്യാലയാനുഭവങ്ങളുടെ അഭാവം കുട്ടികളുടെ പഠനപുരോഗതിക്ക് വിഘാതം സൃഷ്ടിക്കാതിരിക്കാനും ഫലപ്രദമായി തുടർപഠനം സാധ്യമാക്കുന്നതിനും നിലവിലെ പഠനവിടവ് പരിഹരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഓരോ ക്ലാസിലേയും പാഠഭാഗങ്ങൾ പഠിക്കുന്നതിനുള്ള മുന്നറിവ് ഉറപ്പാക്കുക എന്നതാണ് പ്രധാനം. അതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പ്രവർത്തന പുസ്തകം മൂന്നാം ക്ലാസ് മുതൽ പത്താം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സ്വയം പഠനത്തിലൂടെയും അധ്യാപക സഹായത്തോടെയും പ്രസ്തുത പഠനസാമഗ്രികൾ ഉപയോഗപ്പെടുത്തി തികഞ്ഞ ആത്മവിശ്വാസത്തോടെ പഠന മികവിലേക്ക് മുന്നേറാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ. ജയപ്രകാശ് ആർ.കെ**
**ഡയറക്ടർ**